# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/34/2017 <u>പത്രക്കുറിപ്പ്</u> 2017 ഫെബ്രുവരി 15

**പരീക്ഷമാറ്റി**

ഫെബ്രുവരി 2ന് നടത്താനിരുന്ന നാലാം വർഷ ബി.പി.റ്റി(പുതിയ സ്കീം 2012 അഡ്മിഷൻ റഗുലർ & 2008 – 11 അഡ്മിഷൻ സപ്ലിമെന്ററി)ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 21 ന് നടത്തുവാനായി പുനർനിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**അപേക്ഷാതീയതി**

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.എ.എൽ-എൽ.എൽ.ബി (പഞ്ചവത്സര-2011 ന് മുൻപുള്ള ബാച്ച്)സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100) സി.വി.ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**വൈവാ വോസി**

അങ്കമാലി ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെയും , ആലുവയിലെ സെന്റ് സേവ്യഴ്സ് കോളേജ് ഫോർ വുമനിലെയും രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ്-ഡിഗ്രി പരീക്ഷകളുടെ വൈവാവോസി യഥാക്രമം മാർച്ച് 2, 4 തീയതികളിൽ നടത്തും.

**പരീക്ഷാഫലം**

2016 ആഗസ്റ്റിൽ നടത്തിയ ഒന്ന്, രണ്ട് വർഷ ബി.പി.ഇ സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 25 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ ഫൈനൽ സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ ബയോകെമിസ്ട്രി(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിലെ ആരതി.എസ്.എസ്(3662/4500), നിസ്സി. എൽ. ജോൺ(3594/4500), രേഷ്മ. പി. കെ(3449/4500) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസ്എബിലിറ്റി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 21 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

2016 നവംബറിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.എ മൾട്ടിമീഡിയ/രണ്ടാം സെമസ്റ്റർ ബി.എ. ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ (മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

**അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം**

എൻജിനിയറിംഗ് കോളേജ് ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം പരീക്ഷാചർച്ചകൾക്കായി യൂണിവേഴ്സിറ്റി അസംബ്ലി ഹാളിൽ ഫെബ്രുവരി 17 ന് രാവിലെ 10.30 ന് നടത്തും. എല്ലാ പ്രിൻസിപ്പൽമാരും പങ്കെടുക്കണം.

**ബിഹേവിയറൽ സയൻസിൽ രാജ്യാന്തരസമ്മേളനം - ഫെബ്രുവരി 23 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്ക്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23 മുതൽ 25 വരെ ''ഇൻക്ലൂഷൻ ബിയോണ്ട് ബോർഡേഴ്സ് 2017'' എന്ന ശീർഷകത്തെ ആധാരമാക്കി രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നു

ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണവും മുഖ്യധാരാവൽക്കരണവും ആഗോളതലത്തിൽ ഏറെ പ്രാധാന്യത്തോടെ ചർച്ചചെയ്യപ്പെടുന്ന പാശ്ചാത്തലത്തിലാണ് ഈ രാജ്യാന്തരകൂട്ടായ്മയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല വേദിയാകുന്നത്.

ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസ-പുനരധിവാസ പഠന ഗവേഷണ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് സമ്മേളനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടേണ്ട നമ്പർ ; 7356 260 630, 7907 841 031.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**